**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5036** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി ദെലീമ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിവൃഷ്ടി, കാറ്റ് തുടങ്ങിയവ കാരണമുണ്ടാകുന്ന ദുരന്ത സാധ്യത മുൻകൂട്ടി മനസ്സിലാക്കി മുൻകരുതൽ സ്വീകരിക്കുന്നതിനും കാലാവസ്ഥാ പ്രവചനം കൃത്യതയുള്ളതാക്കുന്നതിനും കാലാവസ്ഥാ വകുപ്പ് സ്ഥാപിക്കാമെന്നേറ്റിരുന്ന 100 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ആവർത്തിച്ചുണ്ടായ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ഇതിനായുള്ള പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ ആവശ്യപ്പെട്ടുമോ; വ്യക്തമാക്കാമോ; | (എ) | 18/10/2019 തീയതിയിലെ സ. ഉ (സാധാ )നമ്പർ 725/2019/ഡി.എം.ഡി. പ്രകാരം സർക്കാർ 100 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സംസ്ഥാനത്തിനു അനുവദിച്ചു നൽകുകയുണ്ടായി. ആയതിൽ 15 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ ജൂലായി 2020ാേടു കൂടി സ്ഥാപിക്കുകയും ബാക്കിയുള്ള 85 എണ്ണത്തിൽ 44 എണ്ണം 14.07.2022ാേടുകൂടി സ്ഥാപിക്കുകയുമുണ്ടായി. ശേഷിക്കുന്ന 41 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടികൾ ആഗസ്ത് 2022ാേടു കൂടി പൂർത്തിയാക്കുന്നതാണ്. സംസ്ഥാനത്തിന്റെ നിരന്തര ആവശ്യപ്രകാരമാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് മേൽ പ്രവർത്തികൾ ത്വരിതപ്പെടുത്തിയത്. |
| (ബി) | വെതർ സ്റ്റേഷന് ആവശ്യമായ സ്ഥലങ്ങൾ കണ്ടെത്തി നൽകിയിരുന്നോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സർക്കാർ വെതർ സ്റ്റേഷനുകൾക്ക് ആവശ്യമായ 138 സ്ഥലങ്ങൾ കണ്ടെത്തി നൽകുകയും ആയതിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പിലെ ഉദ്യോഗസ്ഥർ ഫീൽഡ് വിസിറ്റ് നടത്തി അനുയോജ്യമായ 100 സൈറ്റുകൾ കണ്ടെത്തുകയും അവിടെ നിർമാണ പ്രവർത്തികൾ നടത്തി വരുകയും ചെയുന്നു. |
| (സി) | പരിസ്ഥിതി സംരക്ഷണ ബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതോടൊപ്പം ആപത്ഘട്ടങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ സംബന്ധിച്ചും ബോധവൽക്കരണം നടത്തുന്നുണ്ടോ; വിശദമാക്കാമോ; | (സി) | കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറത്തിറക്കുന്ന ഓറഞ്ച് ബുക്കുമായി ബന്ധപ്പെട്ട് നൽകുന്ന പരിശീലനങ്ങൾ , എല്ലാ ജില്ലകളിലും വിവിധ ദുരന്തങ്ങളെ ആസ്പദമാക്കിയുള്ള മോക്ക് ഡ്രില്ലുകൾ , സംവിധാനത്തിനെ സുസജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുതലായവ നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനതലത്തിൽ വിവിധതലങ്ങളിലുള്ള പരിശീലന പരിപാടികൾ , ഡിസേബിൾഡ് ആയിട്ടുള്ള വ്യക്തികൾക്കുള്ള പരിശീലന പരിപാടികൾ, ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള അവബോധ പരിശീലന പരിപാടികൾ, കുട്ടികൾക്കായുള്ള പ്രത്യേക സ്കൂൾ സേഫ്റ്റി പരിപാടികൾ, വിവിധ വോളന്റീയർ ഗ്രൂപ്പുകൾക്കുള്ള പരിശീലനങ്ങൾ, ചെറിയകുട്ടികൾക്കായുള്ള ക്യാമ്പയിൻ, പൊതു ജനങ്ങൾക്കായുള്ള മൺസൂൺ ചർച്ചകൾ (വിവിധ തലങ്ങളിൽ ദുരന്തങ്ങളെ നേരിടാനുള്ള മുന്നൊരുക്കത്തിനുള്ള നിർദ്ദേശങ്ങൾ), സോഷ്യൽ മീഡിയ വഴിയുള്ള പോസ്റ്ററുകൾ, ബ്രോഷറുകൾ മുതലായവ വഴിയുള്ള ബോധവൽക്കരണം, മുന്നറിയിപ്പുകൾ പൊതുജനങ്ങൾക്കു മനസിലാകുന്നവിധത്തിൽ വിവിധ മീഡിയകളിലൂടെ പുറത്തിറക്കുക, NGO യുമായി ഒത്തു ചേർന്ന് വിവിധ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ഇന്റർ ഏജൻസി ഗ്രൂപ്പുകളെ മോണിറ്റർ ചെയ്യുക, ആപ്ത മിത്ര, NSS, മുതലായ വോളന്റീയർ ഗ്രൂപ്പുകൾക്കുള്ള പരിശീലനം മുതലായവയും നടപ്പിലാക്കിവരുന്നുണ്ട്. കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി 2019 പ്രകാരം പ്രളയ സാധ്യതാ പ്രദേശങ്ങളുടെ സൂക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി നല്കേണ്ടത് കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള സ്ഥാപനങ്ങളാണ്. ഇവ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നതിനാൽ യു.എൻ.ഇ.പി, യു.എൻ ഗ്രിഡ്, ച്ചിമ ഫൗൻഡേഷൻ ഇറ്റലി എന്നിവരുടെ സഹായത്തോടെ 10വർഷ പ്രളയ ആവർത്തന സാധ്യത, 25 വർഷ പ്രളയ ആവർത്തന സാധ്യത, 50 വർഷ പ്രളയ ആവർത്തന സാധ്യത, 100 വർഷ പ്രളയ ആവർത്തന സാധ്യത, 200 വർഷ പ്രളയ ആവർത്തന സാധ്യത, 500 വർഷ പ്രളയ ആവർത്തന സാധ്യത പ്രദേശങ്ങളുടെ സുക്ഷ്മ ഭൂപടങ്ങൾ തയ്യാറാക്കി ഓരോ തദ്ദേശ സ്ഥാപനത്തിലെയും പ്രളയ സാധ്യതാ പ്രദേശം, അതാത് പ്രളയ സാധ്യതാ പ്രദേശത്ത് ഉണ്ടാകാവുന്ന പ്രളയ ജല ഉയരം എന്നിവ പൊതു ജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) | ആപത്ഘട്ടങ്ങളിൽ സത്വര പ്രതികരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെ കുറിച്ച് അറിയിക്കാമോ? | (ഡി) | ആപദ്ഘട്ടങ്ങളിൽ ദുരന്തപ്രതികരണത്തിനായി തദ്ദേശ തലത്തിൽ ERT (എമർജൻസി റെസ്പോൺസ് ടീം) തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ സിവിൽ ഡിഫെൻസിനോട് ചേർന്ന് കേരളത്തിലെ യുവാക്കളെ ഉൾപ്പെടുത്തിക്കൊണ്ട് സന്നദ്ധസേനയും തയ്യാറായിട്ടുണ്ട്. ദേശിയ ദുരന്ത നിവാരണ |

| | | | |
|---|---|---|---|
| | | | അതോറിറ്റിയുടെയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും നേതൃത്വത്തിൽ കേരള ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ സഹായത്തോടെ കോട്ടയം ജില്ലയിൽ “ആപ്തമിത്ര" എന്ന പരിശീലനം ലഭിച്ച സന്നദ്ധസേനയും തയ്യാറാണ്. ആപ്ത മിത്ര മറ്റ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ